3096
9/2/18

കേരള സർക്കാർ

<u>സംഗ്രഹം</u>

വനം-വന്യജീവി വകുപ്പ്- കാലടി റെയിഞ്ചിലെ ക്വാറികളിൽ നിന്നും അനധികൃതമായി കരിങ്കല്ല് ശേഖരിച്ചതുമായി ബന്ധപ്പെട്ട അച്ചടക്ക നടപടി-ശ്രീ.പി.ഒ.അപ്പച്ചൻ, സെക്ഷൻ ഫോറസ്റ്റ് ഓഫീസർ സമർപ്പിച്ച പുനരവലോകന ഹർജി-തീർപ്പാക്കി-ഉത്തരവ് പുറപ്പെടുവിക്കുന്നു.

**വനം വന്യജീവി (എ) വകുപ്പ്**

സ.ഉ. (സാധാ) നം.36/2018/വനം തീയതി, തിരുവനന്തപുരം, 27.01.2018.

പരാമർശം:- 1) 02.05.2005 ലെ ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ ബി4-7964/2005 നമ്പർ കുറ്റപത്രം.

2) 05.10.2009 ലെ ഭരണ വിഭാഗം ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ ബി4-7964/05 നമ്പർ ഉത്തരവ്.

3) 09.01.2012 ലെ സ.ഉ.(സാധാ) നം.20/2012/വനം ഉത്തരവ്.

4) 17.04.2017 തീയതിയായി ശ്രീ.പി.ഒ. അപ്പച്ചൻ, സെക്ഷൻ ഫോറസ്റ്റ് ഓഫീസർ സമർപ്പിച്ച പുനരവലോകന ഹർജി.

<u>**ഉത്തരവ്**</u>

മലയാറ്റൂർ ഡിവിഷനിൽ കാലടി റെയിഞ്ചിലെ ക്വാറികളിൽ നിന്ന് അനധികൃതമായി കരിങ്കല്ല് ശേഖരിച്ച് നീക്കം ചെയ്യപ്പെടുന്നുവെന്ന് മധ്യമേഖലാ കൺസർവേറ്റർക്ക് ലഭിച്ച പരാതിയുടെ അടിസ്ഥാനത്തിൽ പെരുമ്പാവൂർ ഫ്ലൈയിംഗ് സ്ക്വാഡ് റെയിഞ്ചോഫീസറും സംഘവും അന്വേഷണം നടത്തുകയും എറണാകുളം ഫ്ലൈയിംഗ് സ്ക്വാഡ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ശ്രീ.പി.ഒ.അപ്പച്ചൻ, സെക്ഷൻ ഫോറസ്റ്റ് ഓഫീസർ ഉൾപ്പെടെയുള്ള കുറ്റാരോപിതർക്കെതിരെ പരാമർശം (1) പ്രകാരം കഠിനശിക്ഷയുള്ള കുറ്റപത്രം/കുറ്റാരോപണ പത്രിക നൽകിക്കൊണ്ട് അച്ചടക്ക നടപടി ആരംഭിച്ചു. അച്ചടക്ക നടപടിയുടെ ഭാഗമായി നടത്തിയ ഔപചാരിക അന്വേഷണത്തിൽ കുറ്റാരോപിതർക്കെതിരായുള്ള ആരോപണങ്ങൾ തെളിയിക്കപ്പെട്ടിരുന്നില്ല. എന്നാൽ അച്ചടക്ക അധികാരി അന്വേഷണാധികാരിയുടെ നിഗമനത്തോട് യോജിച്ചില്ല. ക്വാറികൾ നിയമാനുസൃതം പ്രവർത്തിക്കുന്നുവെന്ന് അംഗീകരിച്ചാൽ പോലും ഫ്ലൈയിംഗ് സ്ക്വാഡിന്റെ പരിശോധനാ വേളയിൽ പാസില്ലാതെ കരിങ്കല്ല് കയറ്റിയ ലോറികൾ പിടിച്ചെടുക്കപ്പെട്ടതിനാൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും വീഴ്ചയുണ്ടായതായി ബോധ്യപ്പെട്ടിരുന്നു. ടി വസ്തുതകളുടെ അടിസ്ഥാനത്തിൽ ടിയാനുൾപ്പെടെയുള്ള കുറ്റാരോപിതരുടെ ഒരു വാർഷിക ശമ്പള വർദ്ധനവ് സഞ്ചിത ഫലത്തോടെ തടഞ്ഞുകൊണ്ട് പരാമർശം (2) പ്രകാരം അച്ചടക്ക നടപടി തീർപ്പാക്കിയിരുന്നു.

2) പ്രസ്തുത ഉത്തരവിനെതിരെ ശ്രീ.പി.ഒ.അപ്പച്ചൻ, ശ്രീ.റ്റി.സദാനന്ദൻ എന്നിവർ ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റർക്ക അപ്പീൽ സമർപ്പിച്ചിരുന്നു. എന്നാൽ ടിയാന്മാർ അപ്പീൽ സമർപ്പിച്ചത് കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും, നിയന്ത്രണവും, അപ്പീലും) ചട്ടങ്ങൾക്ക് വിരുദ്ധമായി ട്ടായതിനാൽ ആയത് പരിഗണനാർഹമല്ലായെന്നും 05.10.2009 ലെ ഉത്തരവിനെതിരെ സർക്കാർ മുമ്പാകെയാണ് റിവ്യൂ ഹർജി സമർപ്പിക്കേണ്ടതെന്നും ടിയാന്മാരെ അറിയിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ ശ്രീ.റ്റി.സദാനന്ദൻ 25.11.2010 ൽ സർക്കാർ മുമ്പാകെ റിവ്യൂ ഹർജി സമർപ്പിക്കുകയും അത് പരാമർശം (3) പ്രകാരം തീർപ്പാക്കുകയും ചെയ്തിട്ടുണ്ട്.

3) ശ്രീ.പി.ഒ.അപ്പച്ചൻ, സെക്ഷൻ ഫോറസ്റ്റ് ഓഫീസർ വാർഷിക വേതന വർദ്ധനവ് സഞ്ചിതഫലത്തോടെ തടഞ്ഞതിനെതിരെ റിവ്യൂ ഹർജി പരാമർശം (4) പ്രകാരം സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത പുനരവലോകന ഹർജി സർക്കാർ വിശദമായി പരിശോധിച്ചു. 2009 ൽ തീർപ്പാക്കിയ അച്ചടക്ക നടപടിക്കെതിരെ 2017 ലാണ് ടിയാൻ പുനരവലോകന ഹർജി സമർപ്പിച്ചിട്ടുള്ളത്.

4) 1960 ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും, നിയന്ത്രണവും, അപ്പീലും) ചട്ടങ്ങളിലെ ചട്ടം 37 പ്രകാരം "പുനരവലോകനത്തിനുള്ള യാതൊരപേക്ഷയും, ഉത്തരവ്വ പാസ്സാക്കുന്ന തീയതി മുതൽ ഒരു മാസ കാലാവധി കഴിഞ്ഞതിന് ശേഷം സ്വീകരിക്കുവാൻ പാടില്ലാത്തതാകുന്നു. എന്നു മാത്രമല്ല, ഈ ചട്ടപ്രകാരം പുനരവലോകനം ചെയ്യേണ്ട ഉത്തരവിന്റെ തീയതി മുതൽ ഒരു വർഷം കഴിഞ്ഞാൽ യാതൊരു നടപടിയും ആരംഭിക്കുവാൻ പാടില്ലാത്തതാകുന്നു". ഹർജി സമർപ്പിക്കുന്നതിന് കാലതാമസം നേരിട്ടതിന് മതിയായ കാരണം ടിയാൻ വ്യക്തമാക്കിയിട്ടില്ല.

5) മേൽ സാഹചര്യത്തിൽ ശ്രീ.പി.ഒ.അപ്പച്ചൻ, സെക്ഷൻ ഫോറസ്റ്റ് ഓഫീസർ സമർപ്പിച്ച റിവ്യൂ ഹർജി 1960 ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും, നിയന്ത്രണവും, അപ്പീലും) ചട്ടങ്ങളിലെ ചട്ടം 37 പ്രകാരം ടിയാന്റെ റിവ്യൂ ഹർജി പരിഗണനാർഹമല്ല. ആയതിനാൽ നിരസിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
വേണു.വി

പ്രിൻസിപ്പൽ സെക്രട്ടറി

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്(ഭരണം)
ശ്രീ.പി.ഒ.അപ്പച്ചൻ, സെക്ഷൻ ഫോറസ്റ്റ് ഓഫീസർ (അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം) മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം
വിവര സാങ്കേതിക വകുപ്പ് (വെബ് & ന്യൂ മീഡിയ)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ